ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05.10.2024**

## പ്രധാനവാർത്തകൾ

1. **നാടോടി ഗോത്ര വിഭാഗങ്ങൾ ഉൾപ്പടെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

2. **കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗം രാജ്യത്തിന് തന്നെ മാതൃകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3. **ആകാശവാണി മുൻ വാർത്താ അവതാരകൻ എം. രാമചന്ദ്രൻ അന്തരിച്ചു; കൗതുകവാർത്തകളുടെ അവതരണത്തിലൂടെ ഏറെ ശ്രദ്ധേയനായിരുന്നു.**

4. **ഇ-ഹെൽത്ത് കാർഡിലൂടെ ആരോഗ്യമേഖലയിലെ സംവിധാനങ്ങൾ ജനങ്ങൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ.**

5. **സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഇടുക്കി ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത; ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രത.**

6. **വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ നാളെ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.**

**************************************

## പ്രധാനമന്ത്രി - മഹാരാഷ്ട്ര

നാടോടി ഗോത്ര വിഭാഗങ്ങൾ ഉൾപ്പടെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പി.എം കിസാൻ സമ്മാൻ നിധിയുടെ 18-ാം ഗഡു വിതരണോദ്ഘാടനം ഉൾപ്പെടെ വിവിധ വികസന പദ്ധതികൾക്ക് മഹാരാഷ്ട്രയിൽ തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര സർക്കാരിൻറെ എല്ലാ തീരുമാനങ്ങളും നയങ്ങളും വികസിത ഭാരതമെന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണെന്നും ഈ കാഴ്ചപ്പാടിൻറെ പ്രധാന അടിത്തറ കർഷകരാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

( വോയ്സ് )

കാർഷിക-മൃഗസംരക്ഷണ മേഖലകളുമായി ബന്ധപ്പെട്ട 23,300 കോടി രൂപയുടെ വിവിധ സംരംഭങ്ങളും പ്രധാനമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്തു. ബഞ്ജാര പൈതൃക മ്യൂസിയത്തിന്റെ ഉദ്ഘാടനം നിർവഹിച്ച പ്രധാനമന്ത്രി, താനെയിൽ, 32,800 കോടി രൂപയുടെ വിവിധ പദ്ധതികൾക്കും ഇന്ന് തുടക്കം കുറിച്ചു.

RNU TVPM

**************************************

## മുഖ്യമന്ത്രി - സ്കൂൾ കെട്ടിടം

കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗം രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് ഉയർന്ന വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കാനും കുട്ടികളുടെ ഭാവി മികച്ചതാക്കാനും ആവശ്യമായ പരിഷ്കരണങ്ങൾ നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധരാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിൽ വിവിധ ജില്ലകളിലായി പുതുതായി നിർമ്മിച്ച 30 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 12 പുതിയ കെട്ടിടങ്ങളുടെ നിർമ്മാണോദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

***********************************

## എം. രാമചന്ദ്രൻ - നിര്യാണം

ആകാശവാണി വാർത്താ അവതാരകനായിരുന്ന എം. രാമചന്ദ്രൻ അന്തരിച്ചു. തിരുവനന്തപുരത്തായിരുന്നു അന്ത്യം. നാളെ രാവിലെ 10.30 ന് തിരുവനന്തപുരം പ്രസ് ക്ലബിൽ പൊതുദർശനത്തിനു ശേഷം 11ന് തൈക്കാട് ശാന്തികവാടത്തിൽ സംസ്കാരം നടക്കും.

***********************************

RNU TVPM

## എം. രാമചന്ദ്രൻ - ഇൻട്രോ

കൗതുകവാർത്തകളുടെ അവതരണത്തിലൂടെ ഏറെ ജനശ്രദ്ധ നേടിയ എം. രാമചന്ദ്രൻ ആകാശവാണിയിൽ പിൽക്കാലത്തു വന്ന വാർത്താ അവതാരകർക്ക് ഗുരുസ്ഥാനീയനായിരുന്നു. തന്റെ സ്വതസിദ്ധമായ അവതരണ രീതിയും ഭാഷാ ശുദ്ധിയും അദ്ദേഹത്തെ വ്യത്യസ്തനാക്കി. ഒരുകാലത്ത് മലയാളി കാത്തിരുന്ന, ആകാശവാണി വാർത്തകളുടെ ശബ്ദമായിരുന്നു എം. രാമചന്ദ്രൻ....

(വോയ്സ്)

ആകാശവാണിയുടെ ഡൽഹി, തിരുവനന്തപുരം നിലയങ്ങളിൽ ദീർഘകാലം സേവനമനുഷ്ഠിച്ച രാമചന്ദ്രൻ വൈദ്യുതി ബോർഡിൽ ജോലിയിലിരിക്കെയാണ് ആകാശവാണിയിലെത്തുന്നത്. റേഡിയോ വാർത്താ

അവതരണത്തിൽ പുത്തൻ മാതൃക കൊണ്ടുവരാനും വാർത്തകളെ ജനകീയമാക്കാനും അദ്ദേഹം നൽകിയ പങ്ക് വളരെ വലുതാണ്. ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ ആകാശവാണിയിലെത്തി. ആകാശവാണിക്ക് പുറത്ത് നാടകവും സാഹിത്യവും ഉൾപ്പടെയുള്ള സാംസ്കാരിക ലോകത്തിനും ഏറെ പ്രിയങ്കരനായിരുന്ന വ്യക്തിയാണ് വിട വാങ്ങുന്നത്.

**************************************

## എം. രാമചന്ദ്രൻ - അനുശോചനം

എം. രാമചന്ദ്രന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പടെയുള്ളവർ അനുശോചിച്ചു. വാർത്താപ്രക്ഷേപണ രംഗത്ത് തനതായ വ്യക്തിത്വത്തിനും വേറിട്ട ശബ്ദത്തിനും ഉടമയായ മാധ്യമപ്രവർത്തകനായിരുന്നു എം രാമചന്ദ്രനെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു. പ്രക്ഷേപണ കലയ്ക്ക് പുതിയ തലങ്ങൾ കണ്ടെത്തിയ അദ്ദേഹം അനുകരണീയമായ പല മാതൃകകളും ഈ രംഗത്ത് സംഭാവന ചെയ്തതായി മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

**************************************

## എം. രാമചന്ദ്രൻ - സുഷമ - ഇൻട്രോ

അന്തരിച്ച, എം. രാമചന്ദ്രനെ കുറിച്ച് ആകാശവാണി മുൻ വാർത്താ അവതാരക സുഷമ മോഹൻ ആകാശവാണി വാർത്തകളോട്.....

(**VOICE**)

**************************************

## ഹരിയാന - വോട്ടെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നടന്ന ഹരിയാനയിൽ വൈകിട്ട് അഞ്ചു മണി വരെയുള്ള കണക്ക് പ്രകാരം 61 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 90 അംഗ നിയമസഭയിലേക്കാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. ജമ്മുകശ്മീരിലെയും ഹരിയാനയിലെയും വോട്ടെണ്ണൽ ഈ മാസം 8 ന് നടക്കും.

***********************************

## വീണ ജോർജ് - കണ്ണൂർ

മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും മാത്രമുണ്ടായിരുന്ന ചികിത്സാ സൗകര്യങ്ങൾ ഇന്ന് സംസ്ഥാനത്തെ, സർക്കാർ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കിയതായി ആരോഗ്യ മന്ത്രി വീണ ജോർജ്. കണ്ണൂർ അഞ്ചരക്കണ്ടി കുടുംബാരോഗ്യ കേന്ദ്രം മന്ത്രി നാടിന് സമർപ്പിച്ചു. സംസ്ഥാനത്തെ ആരോഗ്യ രംഗം കഴിഞ്ഞ എട്ടുവർഷം കൊണ്ട് വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചതെന്നും മന്ത്രി പറഞ്ഞു.

RNU TVPM

***********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകിട്ട് 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

***********************************

## വനിതാ ട്വന്റി-20

വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ നാളെ ഇന്ത്യ - പാകിസ്ഥാനുമായി ഏറ്റുമുട്ടും. വൈകിട്ട് 3.30 നാണ് മത്സരം. വനിതാ ലോകകപ്പിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് - ബംഗ്ലാദേശിനെ നേരിടും. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ശ്രീലങ്കക്കെതിരെ ഓസ്ട്രേലിയ ആറു വിക്കറ്റിന് വിജയിച്ചു.

**************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ജംഷഡ്പൂർ FC - ഈസ്റ്റ് ബംഗാൾ FC മത്സരം പുരോഗമിക്കുന്നു. 7.30 ന് കൊൽക്കത്തയിൽ നടക്കുന്ന രണ്ടാം മത്സരത്തിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ് - മൊഹമ്മദൻ SC യെ നേരിടും.

RNU TVPM

**************************************

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് ഇടുക്കി ജില്ലയിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

**************************************

## ഇ-ഹെൽത്ത് - എ.കെ ശശീന്ദ്രൻ

ഇ-ഹെൽത്ത് കാർഡിലൂടെ ആരോഗ്യമേഖലയിലെ സംവിധാനങ്ങൾ ജനങ്ങൾ കൂടുതൽ കാര്യക്ഷമമായി

പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി എ.കെ ശശീന്ദ്രൻ. കാക്കൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതിയ സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ രോഗികൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വീട്ടിലിരുന്നും ഡോക്ടറുടെ സേവനം ഉറപ്പാക്കുന്ന ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

************************************

## കാഴ്ച പരിമിതർ - വി ശിവൻകുട്ടി

മികച്ച വിദ്യാഭ്യാസത്തിലൂടെയേ കാഴ്ചപരിമിതരുടെ സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ സാധിക്കൂ എന്ന് മന്ത്രി വി ശിവൻകുട്ടി. ഇതിന്റെ ഭാഗമായാണ് ദീപ്തി പദ്ധതിക്ക് രൂപം നൽകിയതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, ദീപ്തി-ബ്രെയിൽ സാക്ഷരതാ പദ്ധതിയുടെ പഠനോപകരണ വിതരണോദ്ഘാടനം തിരുവനന്തപുരത്തു നിർവഹിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

************************************

## ശബരിമല - ബുക്കിംഗ്

ശബരിമല ദർശനത്തിനായി ഇത്തവണ ഓൺലൈൻ ബുക്കിങ്ങ് മാത്രം അനുവദിക്കാൻ തീരുമാനം. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന ശബരിമല മണ്ഡല- മകരവിളക്ക് മഹോത്സവ മുന്നൊരുക്കങ്ങളുടെ അവലോകന യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനമായത്. ഒരു ദിവസം പരമാവധി 80,000 പേർക്ക് ദർശന സൗകര്യം ഒരുക്കും. വെർച്ച്വൽ ക്യൂ ബുക്കിങ്ങ് സമയത്ത് തന്നെ യാത്രാ വഴി തെരഞ്ഞെടുക്കാനുള്ള അവസരവുമുണ്ടാകും.

***********************************

## കടന്നപ്പള്ളി- ആധാരം ഓൺലൈൻ

ആധാരങ്ങളുടെ പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി അടുത്ത വർഷം ഡിസംബറോടെ സംസ്ഥാനത്താകെ പൂർത്തിയാക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. കണ്ണൂർ ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിന്റെ പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വയനാട് ദുരന്ത ബാധിതർക്ക് ആധാരങ്ങൾ നഷ്ടപ്പെട്ടതിനാൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായും മന്ത്രി വ്യക്തമാക്കി.

***********************************

## ക്ഷീരശ്രീ പോർട്ടൽ - മുഖ്യമന്ത്രി

പാലുത്പാദനത്തിലും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിലും സംസ്ഥാനം ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ക്ഷീരസംഘങ്ങൾക്കായുള്ള ഏകീകൃത സംവിധാനമായ ക്ഷീരശ്രീ പോർട്ടൽ തിരുവന്തപുരത്തു ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ക്ഷീരമേഖലയുടെ ഉന്നമനത്തിന് മിൽമ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

****************************************************

***********************************

*********************